# കാണേണ്ടതും കാണിക്കേണ്ടതുമായ ഒരു ഡോക്യുമെന്ററി

**ഒ**രു പ്രദേശത്തെ വായുവും വെള്ളവും മണ്ണും വിഷമയമാക്കിക്കൊണ്ട്, അന്നാട്ടിലെ ഒരു ലക്ഷത്തോളം വരുന്ന ജനങ്ങളെ ആസ്ത്മ മുതൽ കാൻസർ വരെ ഒരു വലിയ കൂട്ടം രോഗങ്ങൾക്കു വിട്ടുകൊടുത്തുകൊണ്ട് ആ പ്രദേശത്തെ ഒറ്റ മനുഷ്യനുപോലും ആവശ്യമില്ലാത്ത ഒരുത്പന്നമുണ്ടാക്കുന്ന ഫാക്ടറി കഴിഞ്ഞ 35 വർഷമായി ഹുങ്കോടെ മുന്നേറിക്കൊണ്ടിരിക്കുമ്പോൾ പ്രതികരണശേഷി ഇനിയും നഷ്ടപ്പെട്ടിട്ടില്ലാത്തവർ എന്തുചെയ്യണം?

ചാലിയാറിനെ കാളിന്ദിയാക്കി, മാവൂരിനെയും പരിസരപ്രദേശങ്ങളെയും നരകതുല്യമാക്കിക്കൊണ്ടിരിക്കുന്ന ഗ്രാസിം ഇൻഡസ്ട്രീസ് എന്ന ഗ്വാളിയോർ റയോൺസിനെക്കുറിച്ചു തന്നെയാണ് പറയുന്നത്. വർഷങ്ങളായി അവിടത്തെ ജനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സമരങ്ങൾ ഇക്കഴിഞ്ഞ ജനുവരി 26 മുതൽ ഊർജിതപ്പെടുത്തി. ജനകീയ പ്രക്ഷോഭകരുടെ അനിശ്ചിതകാല നിരാഹാരം ആരംഭിച്ചു. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള ആയിരക്കണക്കിനു മനുഷ്യസ്നേഹികൾ പിന്തുണ പ്രഖ്യാപിച്ച് കൺവൻഷനുകളിൽ പങ്കെടുത്തു. എന്നിട്ടും ഇതൊന്നും നമ്മുടെ നാട്ടുകാരിൽ 99 ശതമാനത്തിനും ഇപ്പോഴും അറിയില്ല. പ്രമുഖ പത്രങ്ങളെല്ലാം സ്വാർഥ താത്പര്യങ്ങൾകൊണ്ട് ഈ വാർത്തകൾ മനപൂർവം മൂടിവച്ചു. നാടിന്റെ ഏതു മുക്കിനും മൂലയിലും നടക്കുന്ന ഒറ്റപ്പെട്ട കൊലപാതകങ്ങളും ആത്മഹത്യകളും അപകടമരണങ്ങളും മുൻപേജിൽ ഫോട്ടോകളും ഉജ്വല....... വിധത്തിലുള്ള കദനകഥാവിവരണങ്ങളുമടക്കം പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്ക് നൂറുകണക്കിന് മനുഷ്യർ 'കൊല്ലപ്പെട്ടതോ', ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി അവിടത്തെ മനുഷ്യർ നടത്തുന്ന സമരങ്ങളോ ഉൾപേജിലെങ്കിലും ഒരു വാചകത്തിൽ പോലും പറയാനുള്ള വാർത്തയായില്ല.

ഈ അവസ്ഥയിൽ, മാവൂരിന്റെ പ്രശ്നങ്ങൾ ജനങ്ങളിലെത്തിക്കാൻ മനുഷ്യാവകാശ-പ്രകൃതി സംരക്ഷണ പ്രവർത്തകർ തങ്ങളാലാവുംവിധത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. 'ബാക്കി പത്രം' എന്ന ഡോക്യുമെന്ററിയുടെ സംവിധാനം നിർവഹിച്ചപ്പോൾ ശ്രീ. ശരത്ചന്ദ്രനും പി.ബാബുരാജും അവർക്കു ചെയ്യാനാവുന്നത് ഭംഗിയായി ചെയ്തുവെന്നുവേണം പറയാൻ.

മലിനീകരണത്തിന്റെ ആക്കം, വിഷലിപ്തമായ അന്തരീക്ഷത്തിന്റെയും ചാലിയാറിന്റെയും ദൃശ്യങ്ങളിലൂടെയും അവിടത്തെ ജനങ്ങളുടെ പ്രത്യേകിച്ചും മാവൂർ സമരത്തിന്റെ രക്തസാക്ഷിയായ നേതാവ് എ.കെ.റഹ്മാന്റെ വിധവയിലൂടെയും മക്കളിലൂടെയുമൊക്കെ ആശയക്കുഴപ്പങ്ങൾക്കിടയില്ലാത്തവിധം 'ബാക്കി പത്ര'ത്തിൽനിന്നും ലഭിക്കുന്നുണ്ട്. സംവിധായകർ ഊന്നൽ കൊടുക്കുന്നത് പ്രക്ഷോഭങ്ങൾക്കു തന്നെയാണ് സമരമുഖത്ത് ഇപ്പോഴും സജീവമായി നില്ക്കുന്ന പി.കെ.എം.ചേക്കുവിന്റെയും മറ്റു പ്രവർത്തകരുടെയും വാക്കുകളിലൂടെ, സമരങ്ങളുടെ ദൃശ്യങ്ങളിലൂടെ പ്രശ്നത്തിന്റെ വ്യക്തമായ ചിത്രം നമുക്കു കിട്ടുന്നു. ഒരു സാധാരണ ഡോക്യുമെന്ററി വിലയിരുത്തും പോലെ ഇതിനു നിരൂപിച്ചുകൂടാ. സ്തുത്യർഹമായ ഒരു സേവനമാണിതിന്റെ അണിയറ ശില്പികൾ ചെയ്തിരിക്കുന്നത്.

ഇനി നമ്മുടെ ഊഴമാണ്. പ്രിയ വായനക്കാരേ, പ്രസംഗിക്കാനറിയില്ലെങ്കിൽ, നോട്ടസടിച്ചു വിതരണം ചെയ്യാനാവില്ലെങ്കിൽ, പോസ്റ്ററൊട്ടിക്കാനറിയില്ലെങ്കിൽ, ഒരു ചെറിയ കാര്യം നിങ്ങൾക്കും ചെയ്യാവുന്നതാണ്. നിങ്ങളുടെ സ്ഥലത്ത് ഒരു പരിപാടി നടക്കുന്നുണ്ടെങ്കിൽ സുഹൃത്തുക്കളുടെ സമ്മേളനങ്ങൾ നടക്കുന്നിടത്ത് ഒന്നുമില്ലെങ്കിൽ കുറച്ചു കുട്ടികളേയും സുഹൃത്തുക്കളെയും വിളിച്ചുകൂട്ടി 'ബാക്കി പത്രം' പ്രദർശിപ്പിക്കാം. ശ്രീ ശരത് ചന്ദ്രൻ നിങ്ങളുടെ സ്ഥലത്ത് വന്ന് ചിത്രം പ്രദർശിപ്പിക്കുന്നതാണ്. (തിരക്കുള്ള വ്യക്തിയായതിനാൽ മുൻകൂട്ടി) അറിയിച്ച് സമയമുറപ്പിക്കണം. അല്ലെങ്കിൽ 'കേരളീയം' ഓഫീസിൽനിന്നും വീഡിയോ കാസറ്റ് ലഭ്യമാണ്. ഉത്തരവാദിത്തത്തോടെ തിരിച്ചേൽപ്പിക്കണം എന്ന ഒറ്റ നിബന്ധന മാത്രം. വിലാസം: **സി.ശരത് ചന്ദ്രൻ, ഫ്ളാറ്റ് 1എ, നോർത്ത് ഫോർട്ട് ഗാർഡൻസ്, തൃപ്പൂണിത്തുറ, എറണാകുളം.**